നമ്പർ 482/2009

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന

# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ
# മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ

നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, ദേശത്തുപട്ടക്കാരും, പള്ളി കൈക്കാരന്മാരും, ശേഷം ജനങ്ങളും കൂടികണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരേ,
നമ്മുടെ 441/2009 – ാം നമ്പർ കല്പന പ്രകാരം സമ്മേളിക്കുന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ ഏഴു മെത്രാപ്പോലീത്താമാരെക്കൂടി തെരഞ്ഞെടുക്കുന്നതിനാവശ്യമായ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. എപ്പിസ്കോപ്പൽ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നാം പ്രാബല്യത്തിൽ വരുത്തിയിരിക്കുന്ന മാനദണ്ഡങ്ങളും നടപടിച്ചട്ടങ്ങളും അനുസരിച്ചാണ് തെരഞ്ഞെടുപ്പ് സംബന്ധിച്ച നടപടികൾ ചെയ്തുവരുന്നത്. പ്രസ്തുത നടപടിക്രമപ്രകാരം സ്ഥാനാർത്ഥികൾ രഹസ്യമായോ പരസ്യമായോ പ്രവർത്തനം നടത്തുന്നത് സ്ഥാനാർത്ഥികളെ അയോഗ്യരാക്കുന്നതിന് ഇടയാക്കുന്ന വസ്തുതയാണ്. ഇത്തരം പ്രവർത്തനങ്ങൾ നിരീക്ഷിച്ച് പ. എപ്പിസ്കോപ്പൽ സുന്നഹദോസിന് റിപ്പോർട്ട് നൽകുന്നതിന് നമ്മുടെ ശ്രേഷ്ഠ നിയുക്ത കാതോലിക്കാ അഭിവന്ദ്യ പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷനായുള്ള മോണിറ്ററിംഗ് കമ്മറ്റിയെ നാം നിയമിച്ചിട്ടുള്ള വിവരം നിങ്ങളെ ഈ കല്പന മുഖാന്തിരം അറിയിക്കുന്നു. എപ്പിസ്കോപ്പാ സ്ഥാനത്തേയ്ക്ക് പരിഗണിക്കുന്നതിന് നോമിനേഷൻ നൽകിയിട്ടുള്ളവർക്കുവേണ്ടി സ്ഥാനാർത്ഥികൾ നേരിട്ടോ മറ്റുള്ളവർ മുഖാന്തിരമോ രഹസ്യമായോ പരസ്യമായോ ഏതെങ്കിലും വിധത്തിലുള്ള പ്രചരണങ്ങൾ നടത്തുന്നുവെങ്കിൽ ആയത് മോണിറ്ററിംഗ് കമ്മറ്റി അദ്ധ്യക്ഷനെ രേഖാമൂലം, വിവരങ്ങൾ നൽകുന്നവരുടെ പേരും അഡ്രസ്സും സഹിതം അറിയിക്കണമെന്ന് നാം ആവശ്യപ്പെടുന്നു. ആത്മനിറവും, സാക്ഷ്യവുമുള്ള വ്യക്തികളെ മേല്പട്ടസ്ഥാനത്തേയ്ക്ക് കണ്ടെത്തേണ്ടത് പ. സഭാമക്കൾ ഏവരുടേയും കടമയും, കർത്തവ്യവുമാണെന്ന് നാം ഓർമ്മപ്പെടുത്തുന്നു. അസ്സോസിയേഷന്റെ വിജയകരമായ നടത്തിപ്പിനുവേണ്ടി നിങ്ങളേവരും പ്രാർത്ഥിക്കണം.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ

2009 നവംബർ മാസം 24 –ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.